16.03.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/03/2024

1. പ്രകൃതിക്ഷോഭത്തിൽ വിളനാശം ഉണ്ടായ കർഷകർ ആനുകൂല്യത്തിന് കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യാൻ സാധിക്കുന്നില്ല എന്ന എസ്എംഎസ് സന്ദേശം ട്രഷറിയിൽ നിന്നും കഴിഞ്ഞ ദിവസങ്ങളിൽ ചില കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ എസ്എംഎസ് ലഭിച്ചിട്ടുള്ള കർഷകർ എസ് എം എസ് കിട്ടി അഞ്ച് ദിവസത്തിനുള്ളിലും, ഇനി ലഭിക്കുന്നവർ അതത് ദിവസങ്ങളിലും ബന്ധപ്പെട്ട കൃഷിഭവനുകളെ സമീപിച്ച് കൃത്യമായ ബാങ്ക് അക്കൗണ്ട്, ഐ എഫ് എസ് സി വിവരങ്ങൾ നൽകണം. അക്കൗണ്ട് വിവരങ്ങൾ നൽകുന്നതിനോടൊപ്പം പാസ്ബുക്കിന്റെ പകർപ്പ് കൂടെ സമർപ്പിക്കണമെന്നും സമയക്ലിപ്തത പാലിക്കണമെന്നും കൃഷി ഡയറക്ടർ അറിയിച്ചു.

2. തെങ്ങിൻതോപ്പുകളിൽ ഉൽപാദനവർധനയ്ക്കായി ശാസ്ത്രീയ പരിപാലനമുറകൾ അനുവർത്തിക്കുന്നതിന് കൃഷിവകുപ്പ് സംയോജിതകൃഷിക്കു സഹായം നൽകുന്നു. മണ്ണുപരിപാലന ഉപാധികൾ, വേപ്പിൻപിണ്ണാക്ക്, എൻപികെ വളം, മഗ്നീഷ്യം സൽഫേറ്റ്, സസ്യസംരക്ഷണോപാധികൾ, ജീവാണുവളങ്ങൾ, ജൈവ കീടനാശിനികൾ, പച്ചിലവള വിത്തുകൾ, ഇടവിളകൾ എന്നിവയ്ക്കാണ് സഹായം. ക്ലസ്റ്റർ അടി സ്ഥാനത്തിൽ ഒരു പ്രദേശത്ത് തുടർച്ചയായി 25-50 ഹെക്ടറിൽ കൃഷി ചെയ്യുകയാണ് ലക്ഷ്യം. ഹെക്ടറിന് 35,000 രൂപ രണ്ടു ഗഡുക്കളായി സഹായം നൽകും.

3. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്നിൽ നിന്നും പുതിയ പാൽകാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾ അസ്സൽ റേഷൻ കാർഡ് സഹിതം മാർച്ച് 20 ന് മുൻപ് ആഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണിക്കും ഉച്ചയ്ക്ക് 1 മണിക്കും മധ്യേ എത്തേണ്ടതാണ്.

4. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഉത്പ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ആവശ്യമുള്ളവർ 9495000923, 9495000915, 9495000913 എന്നീ നമ്പരുകളിൽ വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (CeL), കാർഷിക രംഗത്ത് കൃഷിയുടെ മഹത്വത്തെ അടിയാളപ്പെടുത്തുന്ന ഒരു ഹ്രസ്വ ചിത്രത്തിനുള്ള തിരക്കഥ രചന മത്സരം സംഘടിപ്പിക്കുന്നു. ദൃശ്യ-മാധ്യമ ലോകത്ത് കഴിവ് പ്രകടിപ്പിക്കുവാനുള്ള ആവേശകരമായ ഒരു അവസരമാണ്. നമ്മുടെ ദൈനം ദിന ജീവിതത്തിൽ കൃഷിയുടെ പ്രാധാന്യവും മഹത്വവും വിളിച്ചോതുന്ന തരത്തിലുള്ള ഒരു തിരക്കഥയാണ് ലക്ഷ്യമിടുന്നത്. പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. തിരക്കഥകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി 18.03.2024. കൂടുതൽ വിവരങ്ങൾക്ക് 8547837256, 0487 2438567 എന്നീ ഫോൺ നമ്പരുകളിലോ kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

6. മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയിൽ എൻറോൾമെന്റ് ആരംഭിച്ചു. ഇൻഷുറൻസ് പരിരക്ഷ 10 ലക്ഷം രൂപയാണ്. മത്സ്യബന്ധന സമയത്തും അല്ലാതെയുമുള്ള അപകട മരണമോ അപകടത്തെ തുടർന്ന് സ്ഥിര അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. ആളൊന്നിന് 509 രൂപ പ്രീമിയം നൽകി മാർച്ച് 31 വരെ അംഗങ്ങളാകാം. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴിയാണ് അംഗങ്ങളാകേണ്ടത്. കൂടുതൽ വിവരങ്ങൾ മത്സ്യഫെഡ് ജില്ലാ ഓഫീസുകളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നിന്നും ക്ലസ്റ്റർ ഓഫീസുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കും.

**പരിശീലന പരിപാടി**

7. കാർഷിക യന്ത്രവൽക്കരണത്തിൽ തിരുവനന്തപുരം വെള്ളായണി റിസർച് ടെസ്റ്റിങ് ആൻഡ് ട്രെയിനിങ് സെൻററിൽ വച്ച് ഈ മാസം 19 മുതൽ 21 വരെയുള്ള തീയതികളിൽ പരിശീലനം നടക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0471-2481763 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 5 മണിയുള്ള സമയങ്ങളിൽ വിളിക്കുക. കർഷകർ, കർഷക കൂട്ടായ്മകൾ, FPOകൾ, SHG അംഗങ്ങൾ, യുവാക്കൾ എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം.

8. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് പരിശീലനം നടത്തുന്നു. 2024 മാർച്ച് 19-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചാണ് പരിശീലനം. കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്കെല്ലാം പരിശീലനം പ്രയോജനം ചെയ്യും. റബ്ബർതോട്ടങ്ങളിൽനിന്ന് അധികവരുമാനം നേടുന്നതിനുള്ള മാർഗ്ഗമാണ് തേനീച്ചവളർത്തൽ. ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിലൂടെ തേനീച്ചവളർത്തലിൽനിന്ന് മെച്ചപ്പെട്ട വരുമാനം നേടാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് **9447710405** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം